നടന്നുവരികയുമാണ്. ആലപ്പുഴയിൽ ഭാഗികമായി തീർന്നു. ബാക്കിപണി ഉടനെ ആരംഭിക്കുകയാണ്. കൊല്ലത്ത് ബൈപ്പാസ് ഭാഗികമായി പണിനടന്നിട്ടുണ്ട്. ബാക്കിയുള്ള പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിനു മുന്നിലാണ്.

(ഇ) തിരുവനന്തപുരം- നെയ്യാറ്റിൻകര ബൈപ്പാസിൽ കഴക്കൂട്ടം മുതൽ കോവളം വരെയുള്ള ഒന്നാം ഘട്ടത്തിന്റെ പണി പൂർത്തിയായിട്ടുണ്ട്. ഇത് ഉടൻതന്നെ ഗതാഗതത്തിന് തുറന്നുകൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എക്സ്പ്രസ് ഹൈവേ പദ്ധതി സംബന്ധിച്ച ആക്ഷേപങ്ങൾ പരിശോധിക്കാൻ ഉന്നതതല സമിതി

*25 [145] ശ്രീ. സി. മോയിൻകുട്ടി:
„ കെ. എൻ. എ. ഖാദർ:
„ പി. കെ. കെ. ബാവ:
„ ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സ്പ്രസ് ഹൈവേ പദ്ധതി പ്രവർത്തനങ്ങൾ എത്രത്തോളമായി എന്നും നിർമ്മാണപ്രവർത്തനങ്ങൾ എന്നുമുതലാണ് ആരംഭിക്കുന്നതെന്നും വിശദമാക്കുമോ;

(ബി) ലോകബാങ്കിന്റെ സഹായത്തോടുകൂടി നടപ്പിലാക്കിവരുന്ന എക്സ്പ്രസ് ഹൈവേ വികസന പദ്ധതികൾക്ക് അതേ അളവിൽ ചെയ്യുന്ന മറ്റുപ്രവൃത്തികളേക്കാൾ വർദ്ധിച്ച തോതിൽ പണം ചെലവഴിക്കേണ്ടിവരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) ഇത് സംബന്ധിച്ച് ആക്ഷേപങ്ങൾ ഉയർന്നുവന്നതിന്റെ അടിസ്ഥാനത്തിൽ സത്യാവസ്ഥ ബോദ്ധ്യപ്പെടുത്തുന്നതിനായി രണ്ട്തരം പ്രവൃത്തികളും നേരിൽ കണ്ട് പരിശോധിക്കുവാൻ ഒരു ഉന്നതതല സമിതിയെ നിയമിക്കാമോ;

(ഡി) ഇല്ലെങ്കിൽ സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ) എക്സ്പ്രസ് ഹൈവേ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള ഫൈനാൻഷ്യൽ സ്ട്രക്ച്ചറിംഗിന് അവസാന രൂപം കൊടുത്തുവരികയാണ്.

(ബി—ഡി) ലോകബാങ്ക് പദ്ധതിയുടെ ചെലവ് മറ്റ് പ്രവൃത്തികളുടേതിനേക്കാൾ വർദ്ധിച്ചതല്ല. ലോകബാങ്ക് പദ്ധതിയിൽ റോഡ് പുനർനിർമ്മാണത്തിന് ശരാശരി 148 ലക്ഷം രൂപ ചെലവഴിക്കുമ്പോൾ, സംസ്ഥാനത്ത് നാഷണൽ ഹൈവേയിൽ റോഡ് പുനർനിർമ്മാണത്തിന് 188 ലക്ഷം രൂപ ചെലവാകുന്നുണ്ട്.

സ്കൂൾ വിദ്യാർത്ഥികൾക്ക് ഉച്ചക്കഞ്ഞി വിതരണം

*26 [146] ശ്രീ. എ. എ. അസീസ്:
„ കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ഉച്ചക്കഞ്ഞി വിതരണം ഈ അദ്ധ്യയന വർഷത്തിൽ എപ്പോഴാണ് ആരംഭിച്ചത്;

LIBRARY ARCHIVES Kerala Legislative Assembly